كيف يتطهر المريض ويصلي..؟

# രോഗി എങ്ങനെ ശുദ്ധിയാകും? എങ്ങനെ നമസ്കരിക്കും?

ശൈഖ് മുഹമ്മദ് ബ്നു സ്വാലിഹ് അൽ ഉഥൈമീൻ
رحمه الله

**വിവർത്തനം : അബൂ അബ്ദില്ലാഹ്**

بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على اشرف الانبياء والمرسلين. نبينا محمد وعلى آله وصحبه اجمعين. وبعد

# രോഗിയുടെ ശുദ്ധീകരണവും നമസ്കാരവുമായി ബന്ധപ്പെട്ട ചില വിധിവിലക്കുകൾ ചുരുങ്ങിയ രൂപത്തിൽ വിശദീകരിക്കുകയാണിവിടെ

## രോഗി എങ്ങനെ ശുദ്ധിയാകും?

1. ചെറിയ അശുദ്ധിയിൽ നിന്നും വലിയ അശുദ്ധിയിൽ നിന്നും വെള്ളം ഉപയോഗിച്ച് ശുദ്ധി വരുത്തൽ രോഗിയെ സംബന്ധിച്ചിടത്തോളം നിർബന്ധമാണ്.
2. വെള്ളം ഉപയോഗിക്കാൻ കഴിയിയാതിരിക്കുകയോ വെള്ളം ഉപയോഗിച്ചാൽ രോഗം വർദ്ധിക്കുമെന്നോ സുഖം പ്രാപിക്കുന്നത് വൈകുമെന്നോ ഭയപ്പെടുകയോ ചെയ്താൽ, തയമ്മും ചെയ്യുകയാണ് വേണ്ടത്.
3. തയമ്മും ചെയ്യേണ്ട രൂപം;
   കൈ ശുദ്ധമായ മണ്ണിൽ ഒരു പ്രാവശ്യം അടിക്കുകയും അതുകൊണ്ട് ആദ്യം മുഖം മുഴുവനായും പിന്നീട് മുൻകൈ രണ്ടും പരസ്പരവും തടവുക.
4. സ്വയം ശുദ്ധി ചെയ്യാൻ കഴിയില്ലായെങ്കിൽ മറ്റൊരാൾക്ക് വുളു ചെയ്തു കൊടുക്കുകയോ തയമ്മും ചെയ്തു കൊടുക്കുകയോ ചെയ്യാം

5. ശുദ്ധി വരുത്തേണ്ട (വുളുവിന്റെ) ചില ഭാഗങ്ങളിൽ മുറിവുണ്ടെങ്കിൽ; മുറിവുള്ള ഭാഗം കഴുകാൻ കഴിയുമെങ്കിൽ കഴുകുക. ഇനി കഴുകുന്നത് മുറിവിനെ ബാധിക്കുമെങ്കിൽ, തടവിയാൽ മതിയാകും , അഥവാ കൈയ്യിൽ വെള്ളം നനച്ച് മുറിവിന്റെ മുകളിലൂടെ ഓടിച്ച് തടവുക.ഇനി അതും പ്രയാസമാണെങ്കിൽ അതിനു പകരം തയമ്മും മതിയാകും.

6. ഇനി ഏതെങ്കിലും അവയവം പൊട്ടി അവിടം തുണിയോ പ്ളാസ്റ്ററോ ചുറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ മുകളിൽ കഴുകുന്നതിനു പകരം വെള്ളം ഉപയോഗിച്ച് തടവിയാൽ മതി. തയമ്മും ചെയ്യേണ്ടതുമില്ല. കാരണം ആ തടവൽ കഴുകുന്നതിനു പകരമാണ്.

7. പൊടിയുള്ള ചുമരിലോ ശുദ്ധിയുള്ള, (പൊടിയുള്ള) മറ്റെന്തു വസ്തുവിന്മേലും തയമ്മും ചെയ്യാവുന്നതാണ്.ഇനി ചുമരിൽ പൊടിയില്ല മറിച്ച് മണ്ണിന്റെ ഇനത്തിൽ പെട്ടതല്ലാത്ത് വല്ലതും തേച്ചിട്ടുണ്ടെങ്കിൽ, ഉദാ : പെയിന്റ് അടിച്ചതാണെങ്കിൽ അതിന്മേൽ തയമ്മും ചെയ്യാവതല്ല. അതിന്മേൽ പൊടി പറ്റിയിട്ടുണ്ടെങ്കിലൊയികെ.

8. മണ്ണോ പൊടിയുള്ള ചുമരോ മറ്റോ തയമ്മുമിന് കിട്ടിയില്ലായെങ്കിൽ ഒരു പാത്രത്തിലോ ടവ്വലിലോ മറ്റോ മണ്ണെടുത്ത് അതിൽ തയമ്മും ചെയ്യുന്നതിനും കുഴപ്പമില്ല.

9. ഒരു പ്രാവശ്യം തയമ്മും ചെയ്ത് ശുദ്ധി നഷ്ടപ്പെടാതെ (വുളുമുറിയുന്ന കാര്യങ്ങളൊന്നും സംഭവിക്കാതെ) അടുത്ത നമസ്കാരത്തിന്റെ സമയമായാൽ പിന്നീട് തയമ്മും ആവർത്തിക്കേണ്ടതില്ല ഒന്നാമത്തെ തയമ്മുമിൽ തന്നെ നമസ്കരിക്കാവുന്നതാണ്. കാരണം അയാളുടെ ശുദ്ധിയെ ഇല്ലാതാക്കുന്നതൊന്നും സംഭവിച്ചിട്ടില്ല.

10. നമസ്കരിക്കുന്നതിനു മുമ്പ് സ്വന്തം ശരീരം നജസ്സുകളിൽ നിന്ന് മുക്തമാക്കൽ നിർബന്ധമാണ്. എന്നാൽ അതിനു സാധിക്കാത്ത അവസ്ഥയാണെങ്കിൽ അങ്ങനെതന്നെ നമസ്കരിക്കാം അയാളുടെ നമസ്കാരം സഹീഹാണ് മടക്കി നിർവഹിക്കേണ്ടതില്ല.

11. ശുദ്ധമായ വസ്ത്രത്തിലാണ് രോഗി നമസ്കരിക്കേണ്ടത്. വസ്ത്രങ്ങളിൽ നജസ്സുണ്ടെങ്കിൽ അതു കഴുകി ശുദ്ധിയാക്കുകയോ അല്ലെങ്കിൽ വേറെ ശുദ്ധിയുള്ള വസ്ത്രം മാറ്റിയുടുക്കുകയോ വേണം. അതിനു സാധിക്കുന്നില്ലാ എങ്കിൽ അങ്ങനെതന്നെ നമസ്കരിക്കാം അയാളുടെ നമസ്കാരം സഹീഹാണ് മടക്കി നിർവഹിക്കേണ്ടതില്ല.

12. രോഗി നമസ്കരിക്കുന്ന സ്ഥലം ശുദ്ധിയുള്ളതായിരിക്കണം. അവിടെ നജസ്സ് വല്ലതുമുണ്ടെങ്കിൽ, കഴുകിക്കളഞ്ഞോ അല്ലെങ്കിൽ ശുദ്ധിയുള്ള എന്തെങ്കിലും കൊണ്ട് അത് നീക്കം ചെയ്തോ ശുദ്ധിയാക്കണം. അല്ലെങ്കിൽ അതിന്റെ മുകളിൽ ശുദ്ധിയുള്ള എന്തെങ്കിലും വിരിച്ചും നമസ്കരിക്കാം. അതിനും കഴിയാത്ത അവസ്ഥയാണെങ്കിൽ അങ്ങനെതന്നെ നമസ്കരിക്കാം അയാളുടെ നമസ്കാരം സഹീഹാണ് മടക്കി നിർവഹിക്കേണ്ടതില്ല.

13. രോഗി ഒരിക്കലും ശുദ്ധിയാകാൻ കഴിയുന്നില്ല എന്ന കാരണത്താൽ നമസ്കാരത്തിന്റെ സമയത്ത് നിന്ന് വൈകിപ്പിച്ചുകൂടാ..മറിച്ച് കഴിയുന്ന പോലെ ശുദ്ധിയാകുകയും സമയത്ത് തന്നെ നമസ്കരിക്കുകയും ചെയ്യുക. ശുദ്ധിയാകാൻ പ്രയാസമുള്ള തരത്തിലുള്ള നജസ്സ് ശരീരത്തിലോ വസ്ത്രത്തിലോ നമസ്കാര സ്ഥലത്തോ എവിടെയായാലും ശരി.

## രോഗി എങ്ങനെ നമസ്കരിക്കും?

1. രോഗി നമസ്കാരം നിന്നു കൊണ്ടാണ് നിർവഹിക്കേണ്ടത്, ചെരിഞ്ഞുകൊണ്ടോ വടിയിലോ ചുമരിലോ ചാരിനിൽക്കേണ്ടത് ആവശ്യമാണെങ്കിൽ അങ്ങനെയെങ്കിലും നിർവഹിക്കണം.

2. ഇങ്ങനെയൊന്നും നിൽക്കാൻ സാധിക്കില്ലായെങ്കിൽ ഇരുന്ന് നമസ്കരിക്കാം. നിർത്തത്തിന്റെയും റുകൂഇന്റെയും സ്ഥാനത്ത് ഇരിക്കുമ്പോൾ ചമ്രംപടിഞ്ഞ് ഇരിക്കുന്നതാണ് നല്ലത്.

**3.** ഇനി ഇരിന്നു കൊണ്ട് നമസ്കരിക്കാനും കഴിയില്ലാ എങ്കിൽ കിബലയിലേക്ക് തിരിഞ്ഞു ചെരിഞ്ഞു കിടന്നു നമസ്കരിക്കാം. വലതു ഭാഗം കിബലയുടെ ഭാഗത്തേക്കാകുന്നതാണ് ഉത്തമം. കിബലയിലേക്ക് തിരിയാൻ സാധിക്കാത്ത അവസ്ഥയാണെങ്കിൽ എങ്ങോട്ടാണോ തിരിഞ്ഞിട്ടുള്ളത് അങ്ങോട്ട് തന്നെ തിരിഞ്ഞ് കിടന്ന് നമസ്കരിക്കാം. അയാളുടെ നമസ്കാരം സഹീഹാണ് മടക്കി നിർവഹിക്കേണ്ടതില്ല.

**4.** ചെരിഞ്ഞു കിടക്കാനും സാധിക്കാത്ത അവസ്ഥയാണെങ്കിൽ. കിബലയുടെ ഭാഗത്തേക്ക് കാലുകൾ നീട്ടിവെച്ച് മലർന്ന് കിടന്ന് നമസ്കരിക്കാം. കിബലയിലേക്ക് മുഖം തിരിയാൻ വേണ്ടി തല കുറച്ച് ഉയർത്തി വെക്കുന്നത് നല്ലതാണ്. ഇനി കാലുകൾ കിബലയുടെ ഭാഗത്തേക്കാക്കി കിടക്കാനും സാധിക്കുന്നില്ലാ എങ്കിൽ എങ്ങനെയാണോ ഉള്ളത് അങ്ങനെ നമസ്കരിക്കാം നമസ്കാരം സഹീഹാണ് മടക്കി നിർവഹിക്കേണ്ടതില്ല.

**5.** രോഗി സുജൂദും റുകൂഉം ചെയ്യൽ നിർബന്ധമാണ്. അതിനു സാധിക്കാത്ത അവസ്ഥയാണെങ്കിൽ തലകൊണ്ട് ആഗ്യം കാണിക്കുകയാണ് വേണ്ടത്. സുജൂദിന് റുകൂഉനേക്കാൾ അൽപ്പം കൂടി തല താഴ്ത്തുക. സുജൂദ് ചെയ്യാൻ കഴിയില്ല പക്ഷേ റുകൂഅ് കഴിയും എങ്കിൽ റുകൂഅ് ചെയ്യുകയും സുജൂദിനു പകരം ആഗ്യം കാണിക്കുകയിം ചെയ്യുക. ഇനി റുകൂഅ് ചെയ്യാൻ കഴിയില്ലാ പക്ഷേ സുജൂദ് കഴിയും എങ്കിൽ സുജൂദ് സാധാരണ രൂപത്തിൽ ചെയ്യുകയും റുകൂഅ് ആഗ്യം കാണിക്കുകയും ചെയ്യുക.

**6.** സുജൂദിനും റുകൂഉനും തല കൊണ്ട് ആഗ്യം കാണിക്കാനും കഴിയില്ലെങ്കിൽ. കണ്ണുകൾ കൊണ്ട് ആഗ്യം കാണിക്കുകയാണ് വേണ്ടത്. അതായത് കണ്ണ് അൽപ്പം അടച്ചു കൊണ്ട് റുകൂഉം കുറച്ചു കൂടി അടച്ചു കൊണ്ട് സുജൂദും നിർവഹിക്കുക. ഇങ്ങനെയല്ലാതെ ചില രോഗകൾ ചെയ്യുന്ന പോലെ വിരലു കൊണ്ട് ആഗ്യം കാണിക്കുന്നത് ശരിയല്ല. ഖുർആനിലോ സുന്നത്തിലോ പണ്ഡിതന്മാരുടെ വാക്കുകളിലോ അതിനൊരു അടിസ്ഥാനവും ഉള്ളതായി എനിക്കറിയില്ല.

**7.** തല കൊണ്ട് ആഗ്യം കാണിക്കാനോ കണ്ണുകൾ കൊണ്ട് ആഗ്യം കാണിക്കാനോ കഴിയില്ലെങ്കിൽ മനസ്സിൽ നമസ്കരിക്കട്ടെ. തക്ബീർ ചൊല്ലുകയും ഖുർആൻ പാരായണം ചെയ്യുകയും റുകൂഉം സുജൂദും നിർത്തവും ഇരുത്തവുമെല്ലാം മനസ്സിൽ കരുതുകയും ചെയ്യുക. ഒരോരുത്തർക്കും അവരുടെ ഉദ്ദേശമനുസരിച്ചാണല്ലോ പ്രതിഫലം ലഭിക്കുക.

**8.** രോഗി നമസ്കാരങ്ങൾ അവയുടെ സമയത്തുതന്നെ നിർബന്ധമായും നിർവഹിക്കണം. നമസ്കാരത്തിൽ നിർബന്ധമായ എല്ലാ കാര്യങ്ങളും നമസ്കാരത്തിൽ നിർബന്ധമായും ചെയ്യേണ്ട ഏതെല്ലാം കാര്യങ്ങൾ സാധിക്കുമോ അതെല്ലാം ചെയ്യുക. നമസ്കാരം ഓരോന്നും അതാത് സമയത്ത് നിർവഹിക്കൽ പ്രയാസമാണെങ്കിൽ ളുഹറും അസറും തമ്മിലും മഗ് രിബും ഇശാഉം തമ്മിലും "ജംഅ്" ചെയ്ത് (ഒരുമിച്ച്) നമസ്കരിക്കാം. അസർ ളുഹറിന്റെ സമയത്തേക്കും ഇശാഅ് മഗ്രിബിന്റെ സമയത്തേക്കും മുന്തിപ്പിച്ച് ഒരുമിച്ച് നിർവഹിക്കുന്ന "ജംഉ തക്ദീമോ" അല്ലെങ്കിൽ ളുഹറ് അസറിന്റെ സമയത്തേക്കും മഗ് രിബ് ഇശാഇന്റെ സമയത്തേക്കും. വൈകിപ്പിച്ച് ഒരുമിച്ച് നിർവഹിക്കുന്ന രൂപത്തിൽ "ജംഉ തഅ്ഖീറോ" അക്കാവുന്നതാണ്. ഈ രണ്ടു രൂപങ്ങളിൽ എളുപ്പമുള്ളത് സ്വീകരിക്കാവുന്നതാണ്. എന്നാൽ സുബ്ഹ് നമസ്കാരം ഒരവസ്ഥയിലും ജംഅ് ആക്കി നമസ്കരിക്കാവതല്ല.

**9.** രോഗി യാത്രക്കാരനാണെങ്കിൽ അഥവാ തന്റെ നാടിന് പുറത്ത് ചികിത്സയിലാണെങ്കിൽ നാല് റകഅത്തുള്ള നമസ്കാരങ്ങൽ "കസ്ർ" ആക്കി (ചുരുക്കി) നമസ്കരിക്കുകയാണ് വേണ്ടത്. അതായത് സ്വന്തം നാട്ടിലേക്ക് മടങ്ങുന്നതു വരെ ളുഹറും അസറും ഇശാഉം ഓരോന്നും രണ്ട് റകഅത്താക്കി ചുരുക്കി നമസ്കരിക്കുക. യാത്രയുടെ കാലയളവ് എത്ര ദീർഘിച്ചാലും ശരി.

والله الموفق .

المصدر / موقع الشيخ العلامة محمد صالح العثيمين رحمه الله

# രോഗവും മറ്റു വിപത്തുകളും ബാധിച്ചാൽ ക്ഷമയവലംബിക്കുന്നതിന്റെ ശ്രേഷ്ഠത വിവരിച്ചു കൊണ്ട് വന്ന ഹദീഥുകൾ

❖ അബൂ ഹുറൈറയും അബൂ സഈദിനിൽ ഖുദരിയും رضي الله عنهما നബിﷺ പറഞ്ഞതായി ഉദ്ധരിക്കുന്നു :

*"മുസ്ലിമിന് എന്തെങ്കിലും തരത്തിലുള്ള ക്ഷീണമോ രോഗമോ ദുഃഖമോ വിഷമമോ ഉപദ്രവമോ പ്രയാസമോ ഒരു മുള്ളു തറക്കുന്നതു പോലും സംഭവിക്കുന്നില്ല അതൊക്കെ കാരണം അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്തു കൊടുത്തിട്ടല്ലാതെ."*

متفق عليه واللفظ للبخاري

❖ അബൂ മസ്ഊദ്ﷺ വിൽ നിന്നും നിവേദനം നബിﷺ പറഞ്ഞു :

*"ഏതൊരു മുസ്ലിമിന് രോഗം കാരണമോ മറ്റെന്തെങ്കിലും കാരണമോ പ്രയാസം ബാധിച്ചാൽ മരം ഇല പൊഴിക്കുന്നതു പോലെ അല്ലാഹു അവന്റെ പാപങ്ങൾ പൊഴിച്ചു കൊടുക്കും."*

متفق عليه

❖ ആയിശ رضي الله عنها നിവേദനം ചെയ്യുന്ന , നബിﷺ പറഞ്ഞു :

“മുസ്ലിമിന് ഏതൊരു വിപത്ത് ബാധിച്ചാലും അല്ലാഹു അതു കാരണം അവന്റെ പാപങ്ങൾ പൊറുത്തു കൊടുക്കും, അവനെ ഒരു മുള്ളു തറക്കുന്നതു പോലും,”

متفق عليه

❖ ജാബിർ‎ﷺ നിവേദനം നബിﷺ പറഞ്ഞു :

*“പരീക്ഷണങ്ങൾക്ക് വിധേയമായ ആളുകൾക്ക് (പ്രതിഫലം) നൽകപ്പെടുമ്പോൾ ദുൻയാവിൽ ആഫിയത്തിൽ (സൗഖ്യത്തിൽ) കഴിഞ്ഞിരുന്നയാളുകൾ ആഗ്രഹിച്ചു പോകും അവരുടെ തൊലികൾ ദുൻയാവിൽ വെച്ച് കത്രികകൾ കൊണ്ട് മുറിച്ചെടുക്കപ്പെട്ടിരുന്നെങ്കിൽ എന്ന്.”*

رواه الترمذي وحسنه الالباني

**ونسال الله ان يشفي جميع مرضى المسلمين انه سميع مجيب.....**